# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4171 26/06/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര പട്ടികജാതി വിഭാഗം കുട്ടികൾക്ക് എന്തെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രീമെട്രിക് തലത്തിൽ 2011-12, 2012-13 വർഷങ്ങളിൽ 842294 കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ വർഷമാരംഭമായതിനാൽ ആനുകൂല്യ വിതരണ നടപടികൾ പൂർത്തിയാകാത്തതിനാൽ ഈ വർഷത്തെ പൂർണ്ണമായ എണ്ണം ലഭ്യമായിട്ടില്ല. പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റായി അനുവദിച്ചു വരുന്ന തുക ചുവടെ ചേർക്കുന്നു:<br><br>വിഭാഗം — ലംപ്സംഗ്രാന്റിനത്തിൽ അനുവദിക്കുന്ന തുക<br>എൽ.പി - 250/- രൂപ<br>യു.പി. - 500/- രൂപ<br>ഹൈസ്കൂൾ - 750/- രൂപ<br><br>പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന വൾനറബിൾ കമ്മ്യൂണിറ്റീസിൽ ഉൾപ്പെടുന്ന |

വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റി നൊപ്പം പ്രതിമാസ സ്റ്റൈപ്പന്റ് കൂടി അനുവദിച്ചുവരുന്നു. നിരക്ക് ചുവടെ ചേർക്കുന്നു:

| വിഭാഗം | | ലംപ്സംഗ്രാന്റിനത്തിൽ അനുവദിക്കുന്ന തുക |
|---|---|---|
| എൽ.പി | - | 100/- രൂപ |
| യു.പി. | - | 125/- രൂപ |
| ഹൈസ്കൂൾ | - | 150/- രൂപ |

അംഗീകൃത ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയായി 100/- രൂപയും അനുവദിച്ചുവരുന്നു.

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രതിമാസം 150/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് ഡേ സ്കോളേഴ്സിനും പ്രതിമാസം 350/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് ഹോസ്റ്റലേഴ്സിനും സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. ബുക്ക്സിനും അഡ്ഹോക്ക് ഗ്രാന്റമായി ഡേ സ്കോളേഴ്സിന് 750/- രൂപയും ഹോസ്റ്റലേഴ്സിന് 1000/- രൂപയും അനുവദിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ നാളിതുവരെ 242399 കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക്

| | | | |
|---|---|---|---|
| | | | പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350/- രൂപ മുതൽ 2,500/- രൂപ വരെ വ്യത്യസ്ത നിരക്കുകളിൽ ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500/- രൂപ, 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 600/- രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് അനുവദിച്ചു വരുന്നു. അംഗീകൃത ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസഭക്ഷണ ചെലവും പോക്കറ്റ്മണി 150/- രൂപയും അനുവദിച്ചു വരുന്നു. സർക്കാർ അംഗീകരിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും അനുവദിച്ചു വരുന്നു. |
| (ബി) | ഇതിൽ എന്തെല്ലാം ആനുകൂല്യങ്ങളുടെ എത്ര മാസത്തെ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ ? | (ബി) | ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് അനുസരിച്ചാണ് ആനുകൂല്യ വിതരണം നടത്തുന്നത്. നിലവിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ